**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവുകൾ നിവർത്തുന്നതിനായ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടവളവുകൾ നിവർത്തുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ് വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന 1.9652 ഹെക്ടർ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിലേയ്ക്ക് കോട്ടയം പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. ഏറ്റെടുക്കേണ്ട ഭൂരിഭാഗം സ്ഥലങ്ങളിലും അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിച്ചിട്ടുള്ളതായും സ്റ്റോണുകൾ സ്ഥാപിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങൾ മാർക്ക് ചെയ്തിട്ടുള്ളതായും 17/06/21 ൽ അർത്ഥനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതാണ് |
| (ബി) | പ്രസ്തുത റോഡിലെ പുളിന്തറ വളവ് നിരവധി ജീവനുകൾ നഷ്ടപ്പെട്ടിട്ടുള്ള സ്ഥിരം അപകട വളവായതിനാൽ ഇത് നിവർത്തുന്നതിന് ആവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ് വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന 1.9652 ഹെക്ടർ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിലേയ്ക്ക് കോട്ടയം പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. ഏറ്റെടുക്കേണ്ട ഭൂരിഭാഗം സ്ഥലങ്ങളിലും അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിച്ചിട്ടുള്ളതായും സ്റ്റോണുകൾ സ്ഥാപിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങൾ മാർക്ക് ചെയ്തിട്ടുള്ളതായും 17/06/21 ൽ അർത്ഥനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതാണ് |
| (സി) | ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) | അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ വ്യക്തികളുടെ എതിർപ്പ് ഉള്ളതിനാൽ ഏതാനും സ്ഥലങ്ങളിൽ ആയവ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ലായെന്നാണ് അർത്ഥനാധികാരി പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ. എ (ജനറൽ) പാലായെ അറിയിച്ചിട്ടുള്ളത്. നിയമാനുസൃത മാർഗ്ഗത്തിലൂടെ ആയവ സ്ഥാപിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് പൊന്നുംവില ഓഫീസർ അർത്ഥനാധികാരിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ